<u>15 -ാം കേരള നിയമസഭ</u>

<u>2 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4263</u> <u>09-08-2021 - ൽ മറുപടിയ്ക്ക്</u>

<u>ഓട്ടോമൊബൈൽ വർക്ക് ഷോപ്പ് തൊഴിലാളികളുടെ പ്രശ്നങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | **Shri V Sivankutty**<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കേരള വർക്ക്ഷോപ്പ് വർക്കേഴ്സ് ക്ഷേമനിധിയിൽ അംശദായം അടച്ച തൊഴിലാളികൾക്ക് തുച്ഛമായ ആനുകൂല്യം ലഭിക്കുന്ന കാര്യം പരിശോധിക്കുമോ; | (എ) | കേരള ആട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ തൊഴിലാളികൾക്ക് നിലവിൽ റീഫണ്ട് ആനുകൂല്യത്തിന് പുറമെ 5,000/- രൂപ മരണാനന്തര ധനസഹായവും 10,000/- രൂപ ചികിത്സാ ധനസഹായവുമാണ് നിലവിൽ നല്കി വരുന്നത്. കൂടാതെ കേരള വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി കൂടുതൽ ആനുകൂല്യങ്ങൾ നിലവിലുള്ള കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിക്കുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ടി ലയനം പൂർത്തിയാകുന്നമുറയ്ക്ക് കേരള വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധിയിൽ രജിസ്റ്റർ ചെയ്ത തൊഴിലാളികൾക്കും, മെച്ചപ്പെട്ട ആനുകൂല്യങ്ങൾ ലഭ്യമാകുന്നതാണ്. |
| (ബി) | ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികൾക്ക് പെൻഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | കേരള വർക്ക്ഷോപ്പ് തൊഴിലാളി ക്ഷേമനിധി പദ്ധതി കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി പദ്ധതിയിൽ ലയിപ്പിച്ചശേഷം പദ്ധതിയിൽ ആവശ്യമായ ഭേദഗതി വരുത്തുന്ന മുറയ്ക്ക് തൊഴിലാളികൾക്ക് പെൻഷൻ ലഭ്യമാവുന്നതാണ്. |
| (സി) | ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളെ അവശ്യസർവ്വീസ് ആയി പ്രഖ്യാപിക്കുമോ; ഈ തൊഴിലാളികളെ സംരംഭക സഹായ പദ്ധതിയിൽ ഉൾപ്പെടുത്തുമോ; | (സി) | കോവിഡുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയിരുന്ന നിയന്ത്രണങ്ങൾ നീക്കം ചെയ്യപ്പെട്ട നിലവിലെ സാഹചര്യത്തിൽ, ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളെ ആവശ്യസർവീസ് ആയി പരിഗണിക്കേണ്ട ആവശ്യമില്ല. കൂടാതെ നിലവിൽ സംരംഭക സഹായ പദ്ധതി പ്രകാരം ഉത്പാദന സംരംഭങ്ങൾക്കാണ് ധനസഹായം നൽകി വരുന്നത് എന്നതിനാൽ നിലവിൽ ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് തൊഴിലാളികളെ സംരംഭക സഹായ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർവാഹമില്ല . |
| (ഡി) | സ്ക്രാപ്പേജ് പോളിസിയിൽ തൊഴിൽ നഷ്ടം വരുന്ന | (ഡി) | സ്ക്രാപ്പേജ് പോളിസിയ്ക്ക് രൂപം നല്കിയിരിക്കുന്നത് |

| | | | |
|---|---|---|---|
| | തൊഴിലാളികളെ സംരക്ഷിക്കുമോ; ഈ വിഭാഗം തൊഴിൽ മേഖലയിലുള്ള വർക്ക്ഷോപ്പുകളുടെ പൊല്യൂഷൻ സർട്ടിഫിക്കറ്റ് നടപടി ക്രമങ്ങൾ ലളിതമാക്കുമോ? | | കേന്ദ്രസർക്കാരാണ്. ടി പോളിസി പ്രാബല്യത്തിൽ വരുമ്പോൾ തൊഴിൽ നഷ്ടം വരുമോ എന്നത് സംബന്ധിച്ച് തൊഴിൽ വകുപ്പ് പഠനം നടത്തിയിട്ടില്ല. ഈസ് ഓഫ് ഡൂയിംഗ് ബിസിനസിന്റെ ഭാഗമായി വർക്ക് ഷോപ്പ് ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്ന പ്രക്രിയ ലഘൂകരിക്കാനുള്ള നടപടികൾ കേരള മലിനീകരണ നിയന്ത്രണ ബോർഡ് സ്വീകരിച്ചു വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ